"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ആർഎ1/473/2024-തസ്വഭവ
തദ്ദേശസ്വയംഭരണ(ആർഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19-10-2024

**സർക്കുലർ**

വിഷയം:- 2018-ലെ അനധികൃതനിർമ്മാണ ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരം സമർപ്പിച്ച അപേക്ഷകൾ - 2024-ലെ ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരം രൂപീകൃതമായ കമ്മിറ്റിക്ക് ചുമതല നൽകുന്നത് - സംബന്ധിച്ച്.

സൂചന: ചീഫ് ടൗൺ പ്ലാനറുടെ 03.07.2024-ലെ LSGD/PD/30571/2023-TCPA1 നമ്പർ കത്ത്.

2018-ലെ അനധികൃതനിർമ്മാണ ക്രമവൽക്കരണ ചട്ടങ്ങൾ നിലനിന്നിരുന്നപ്പോൾ സമർപ്പിച്ചിരുന്നതും എന്നാൽ വിവിധ കാരണങ്ങളാൽ തീരുമാനം കൈക്കൊള്ളാതെ പുന:സമർപ്പിക്കാൻ ആവശ്യപ്പെട്ടുകയും, എന്നാൽ പുനഃസമർപ്പിച്ച വേളയിൽ പുതിയ ക്രമവൽക്കരണ ചട്ടങ്ങൾ നിലവിൽ വന്നത് കാരണം പുതിയ ചട്ടങ്ങൾ പ്രകാരം വീണ്ടും അപേക്ഷ സമർപ്പിച്ച് ആയതിൻ പ്രകാരം പരിഗണിക്കേണ്ടതായി വരുന്നതായുമുള്ള സാഹചര്യം നിലവിൽ ഉള്ളതായി കാണുന്നു. നിലവിൽ ഇത്തരത്തിലുള്ള ചില പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുമുണ്ട്. പുതിയ ചട്ടപ്രകാരമുള്ള ക്രമവൽക്കരണ കമ്മിറ്റിക്ക്, പഴയ ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരം സമർപ്പിച്ച അപേക്ഷകളെ അതേ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം തന്നെ പരിഗണിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നത് ഉചിതമായിരിക്കുമെന്ന് സൂചന പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2018-ലെ അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരം സമർപ്പിച്ചതും എന്നാൽ തീരുമാനമാകാത്തതോ നടപടികൾ പൂർത്തിയാകാത്തതോ ആയ എല്ലാ അപേക്ഷകളിലും 2018-ലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ ബാധകമാക്കി തീരുമാനമെടുക്കുന്നതിന് 2024-ലെ ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരം രൂപീകൃതമായ കമ്മിറ്റിക്ക് ചുമതല നൽകി ഉത്തരവാകുന്നു.

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 19-10-2024 17:43:58
സെക്ഷൻ ഓഫീസർ.

H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും ( ബന്ധപ്പെട്ട ഡയറക്ടർ മുഖേന)

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ( ബന്ധപ്പെട്ട ഡയറക്ടർ മുഖേന)
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും ( തദ്ദേശസ്വയംഭരണ വകുപ്പ്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് : ബഹു .ത.സ്വ.ഭ. വകുപ്പ് മന്ത്രിയുടെ പി . എസിന്
ത.സ്വ.ഭ. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
ത.സ്വ.ഭ.വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ (ആർബി/ആർസി/ആർഡി) വകുപ്പുകൾക്ക്